## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 987 01.03.2017ൽ മറുപടി**

### ശിവപുരം തില്ലങ്കേരി ജലവിതരണ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ :** | | **മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ജലവിതരണ പദ്ധതിക്ക് നബാർഡിന്റെ ധനസഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നബാർഡിന് നൽകിയിട്ടുണ്ടോ; | എ & ബി | നിലവിൽ നബാർഡ് ധനസഹായത്തിന് വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. എന്നാൽ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിന് ആവശ്യമായ ശുദ്ധജലം മട്ടന്നൂർ ഇരിട്ടി മുൻസിപ്പാലിറ്റിയ്ക്ക് വേണ്ടി കെ.ഐ.ഐ.എഫ്.ബി (കിഫ്ബി) യിൽ അനുമതി ലഭിച്ച ശുദ്ധജലവിതരണ പദ്ധതിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം കിണർ, പമ്പ് ഹൗസ്, ശുദ്ധീകരണശാല എന്നിവ ഒന്നാംഘട്ടം കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ടം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ തില്ലങ്കേരി, മാലൂർ പഞ്ചായത്തുകളിൽ ജലവിതരണത്തിനാവശ്യമായ ജലവിതരണ ശൃംഖല കൂടി ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |
| ബി ഇല്ലെങ്കിൽ നടപ്പ് സാമ്പത്തിക വർഷം നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ